# യുവദർശനം

യുവജനപ്രസ്ഥാനം

2024 സെപ്റ്റംബർ | ലക്കം 21 | സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, മല്ലശ്ശേരി | പെരുന്നാൾ സപ്ലിമെന്റ്




# എട്ടുനോമ്പ് പെരുന്നാൾ

**2024 സെപ്റ്റംബർ 1 മുതൽ 8 വരെ**









ഫാ. ബിജു തോമസ് പറന്തൽ
വികാരി



ഫാ. ആഷ്‌ലി ജോൺ തോമസ്
സഹവികാരി



## "എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു എന്റെ ആത്മാവ് രക്ഷിതാവായ ദൈവത്തിൽ സന്തോഷിക്കുന്നു" (ലൂക്കോ 46:47 വാക്യങ്ങൾ)

**ഫാ. ബിജു തോമസ് പറന്തൽ**

ദൈവ മാതാവായ മറിയാമിന്റെ വാക്കുകളാണ് ലോകത്തിൽ ഒരു അമ്മയ്ക്കും കഴിയാത്ത ആനന്ദ മുഹൂർത്തത്തിൽ മറിയം ദൈവത്തെ സ്തുതിക്കുന്ന സ്തുതിപ്പാണ് ഇത്. ലോകമെങ്ങും ആദരിക്കുകയും ബഹുമാനിക്കുകയും മദ്ധ്യസ്ഥത നൽകുകയും ചെയ്യുന്ന ആളാണ് പരിശുദ്ധ ദൈവമാതാവ്. അതിന്റെ കാരണം അവൾ അനുഭവിച്ച ദൈവീക നന്മകൾ മറ്റുള്ളവരിലേക്ക് പകർന്നു നൽകിയതുകൊണ്ടാണ് ആഗസ്റ്റ് മാസം 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാളും നോമ്പുകളും ആയി സഭ ആചരിക്കുന്നത്. സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ ഇല്ലെന്നിരിക്കുകയും സെപ്റ്റംബർ മാസം 1 മുതൽ 8 വരെ ജനങ്ങൾ ഭക്തിപൂർവ്വം നോമ്പ് പെരുന്നാളും ആചരിക്കുകയും ചെയ്യുന്നു. തനിക്ക് ലഭിച്ച നന്മകളും തന്നെപ്പോലെ തന്നെ തന്റെ കൂടെയുള്ളവർക്ക് ലഭിച്ച സന്തോഷങ്ങളും ഒരുപോലെ ദൈവസന്നിധിയിൽ നന്മയായി പകരുകയാണ് ഈ അമ്മ. രണ്ടു കാര്യങ്ങൾ ഈ വാക്യത്തിൽ കാണുന്നുണ്ട്.

1. ലഭിച്ച നന്മകളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവിതം. ലഭിക്കാത്ത നന്മകൾക്കു വേണ്ടി വാദിക്കുന്നവരും കൂടുതൽ നന്മയ്ക്കുവേണ്ടി ആഗ്രഹിക്കുന്നവരും ആണ് ഉള്ളത്. എന്നാൽ തനിക്ക് ലഭിച്ച നന്മകളുടെ വലിപ്പം അളന്നു നോക്കാതെ ഉള്ളം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവിതത്തിന്റെ സത്യസന്ധമായ അവസ്ഥയാണ് മറിയമിനുള്ളത്. അതുകൊണ്ടാണ് തനിക്കൊരു മകൻ ലഭിക്കുമെന്ന് അറിഞ്ഞപ്പോഴും അവൻ ലോകത്തെ പരിപാലിക്കുന്ന മാനുവൽ എന്ന് വിളിക്കപ്പെടുന്ന ദൈവപുത്രൻ ആണെന്ന് തിരിച്ചറിഞ്ഞവൾ തന്റെ ചാർച്ചക്കാരി എലിശുബ ദൈവകൃപയിൽ ഒരു കുഞ്ഞിനെ ഉദരത്തിൽ വഹിക്കുന്നു എന്നറിഞ്ഞപ്പോൾ ദൈവത്തിന് സ്തുതി കരേറ്റുന്ന അമ്മ. അതു കൊണ്ടാണ് എലിസബേത്ത് പറഞ്ഞത് എന്റെ കർത്താവിന്റെ അമ്മ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു എന്ന്. പരസ്പരം ബഹുമാനിക്കുന്ന ആദരിക്കുന്ന സമൂഹത്തിന് മാത്രമേ മറ്റുള്ളവരുടെ നന്മകളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. നന്മകളെല്ലാം ദൈവീക ദാനങ്ങളാണ്. ദൈവീക ദാനങ്ങൾക്ക് മഹത്വം പാടുവാൻ സ്തുതി കരേറ്റുവാൻ നമുക്ക് സാധിക്കണം. ദൈവമാതാവിന്റെഓർമ്മകളിൽ ഭാഗവാക്കാകുമ്പോൾ നമുക്കും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ.

2. ദൈവത്തിലുള്ള തന്റെ സന്തോഷം പ്രകടമാക്കുന്ന അമ്മ. ഇതൊരു വലിയ മാതൃകയാണ്. എപ്പോഴും സന്തോഷിക്കണം...എന്ന് പൗലോസ് ശ്ലീഹ ഉറപ്പിക്കുന്നുണ്ടല്ലോ. കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ. ആ വാക്കുകൾ പരിശുദ്ധനായ പൗലോസ് ശ്ലീഹാ ദൈവമാതാവിന്റെ ജീവിതത്തിൽ നിന്ന് കണ്ടു പിടിച്ച് പകർത്തി എഴുതിയതാണ് എന്ന് തോന്നിപ്പോകും. കാരണം തന്റെ ഉള്ളം ദൈവത്തിൽ സന്തോഷിക്കുന്നുവെന്ന് അമ്മ ഉറക്കെ പറയുകയാണ്. ലോകപ്രകാരം സന്തോഷിക്കുവാൻ ഏറെ ഉണ്ടോ എന്ന് അറിയില്ല. ജീവിതകാലം മുഴുവനും പ്രതിസന്ധികളുടെ കാലമായിരുന്നു. എന്നിട്ടും ഈ അമ്മ പറയുന്നത് ഞാൻ ദൈവത്തിൽ സന്തോഷിക്കുന്നു എന്നാണ്. നമ്മുടെ സന്തോഷങ്ങളും ദൈവത്തിൽ അല്ലേ ഉണ്ടാകേണ്ടത്. വിവാഹ കൂദാശ ആരംഭിക്കുമ്പോൾ പ്രാർത്ഥിക്കുന്ന പ്രാർത്ഥന ഇങ്ങനെയാണ്. നിങ്ങളുടെ സന്തോഷത്തിന്റെ ആരംഭവും ആനന്ദത്തിന്റെ പൂർത്തീകരണവും ആയ ദൈവമായ കർത്താവേ എന്ന്. നമ്മുടെ സന്തോഷ ആരംഭവും പൂർത്തീകരണവും ദൈവത്തിൽ ആകണം എന്നൊരു ഓർമ്മപ്പെടുത്തൽ ആണിത്. അതുകൊണ്ടാണ് മാതാവ് പറയുന്നത് ഞാൻ സന്തോഷിക്കുന്നു എന്ന്. ലഭിക്കാത്തതിന്റെ കണക്കുകളും അസന്തുഷ്ടിയുടെ കാരണങ്ങളും അന്വേഷിക്കുന്ന നമുക്ക് ലഭിച്ചതിന്റെ കണക്കുകൾ ഓർത്തെടുക്കുവാൻ ഇടയാകണം. അവിടെയാണ് ദൈവത്തിൽ സന്തോഷിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയാകുന്നത്. അപ്പോഴാണ് ഈ ചെറിയ ജീവിതം ഏറെ ധന്യമാകുന്നതും.

## നീ OK ആണോ?

**ഫാ. ജേക്കബ് തോമസ് (വികാരി, സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കുലശേഖരം, തിരുവനന്തപുരം ഭദ്രാസനം)**



അടുത്ത കാലത്ത് ഇറങ്ങിയ ഒരു ചലച്ചിത്രമാണ് "ഹേയ് ജൂഡ്", അതിൽ Autism എന്ന മാനസ്സിക സ്ഥിതിയിലൂടെ കടന്നുപോകുന്ന ഒരു വ്യക്തിയുടെ ജീവിതമാണ് കഥാപശ്ചാത്തലം. ആ കഥാപാത്രം പറയുന്ന ഒരു ഡയലോഗ് ഉണ്ട്. "എനിക്ക് മനസ്സിലാകുന്നില്ല, ആളുകളെയും അവർക്ക് ഉണ്ടാകുന്ന ഇമോഷൻസിനെയും, സങ്കടം ഉള്ള എല്ലാവരും കരയുന്നില്ലല്ലോ ചിരിക്കുന്ന എല്ലാവരും സന്തോഷം ഉള്ളവരാണോ.....? ഇമോഷൻസിലെ സത്യം എനിക്ക് മനസ്സിലാകുന്നില്ല. കാരണം ഇമോഷൻസ് കുറച്ച് കോംപ്ലിക്കേറ്റഡ് ആണ്".

സത്യമാണ്, മനുഷ്യന്റെ ഇമോഷൻസ് പലപ്പോഴും കോംപ്ലിക്കേറ്റഡ് ആണ്. നമ്മുടെ മനസ്സൊക്കെ ഒരു നൂൽപ്പാലം പോലെയാണ്, കണ്ട്രോൾ വിട്ടുപോയാൽ വീണുപോകും. അത്രത്തോളം സൂക്ഷിച്ചു വേണം കൈകാര്യം ചെയ്യാൻ. മറ്റുള്ളവന്റെ ഇമോഷൻസ് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കാതെ പോകുന്നു. എനിക്ക് പ്രശ്നങ്ങൾ ഉണ്ട് എന്നു ഒരുവൻ പറഞ്ഞാൽ, ഞാൻ അതിന്റെയും അപ്പുറത്തെ പ്രയാസത്തിലൂടെയാ കടന്നുപോകുന്നതു എന്ന ഒരു മറുപടി ആയിരിക്കും പലർക്കും ലഭിക്കുന്നത്. അതുകൊണ്ട് എന്താ, എല്ലാം ഉള്ളിൽ ഒതുക്കാം എന്ന ഒരു മനോഭാവം നമ്മൾ പോലും അറിയാതെ ഉള്ളിൽ വളർത്തി എടുക്കും. എല്ലാവരും ആഗ്രഹിക്കുന്നത് അവരുടെ പ്രയാസങ്ങൾ കേൾക്കുന്ന ഒരു ചെവി മതി. എന്നാൽ അതിന് നമുക്ക് സമയം ഇല്ലാത്തതുകൊണ്ട്, ഇത് ഒക്കെ എന്ത് എന്ന മട്ടിൽ നമ്മൾ നടന്നു പോകും.

ഈ തരത്തിലുള്ള തിരസ്കരണങ്ങൾ കാരണം, നിർവികാര ജീവികളായി നാം ഓരോരുത്തരും മാറി കൊണ്ടിരിക്കുകയാണ്. എല്ലാം ഉള്ളിൽ ഒതുക്കി ജീവിക്കുന്ന അനേകർ, തുറന്നുള്ള സംസാരങ്ങൾ ഒന്നുമില്ലാതെ ഫേക്കയായി ഒരു മുഖവും ചിരിയുംകൊണ്ട് ചുറ്റുമുള്ളവരെ ഫേസ് ചെയ്യുന്നവർ.....ഇന്നിന്റെ കാലത്തിന്റെ പ്രത്യേകത മറ്റുള്ളവന്റെ മനസിൽ നിന്ന് അവന്റെ emotion മനസ്സിലാക്കാതെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത emoticon കണ്ട്, അവന്റെ മനസ്സിൽ എന്താ എന്നു വായിച്ചെടുക്കുവാൻ ശ്രമിക്കുന്ന ഒരു ലോകത്തിലാണ് നമ്മൾ ഇപ്പോൾ. നമ്മിലേക്കു മാത്രം ഒതുങ്ങുന്ന ഈ കാലത്ത്, "നീ OK ആണോ?" എന്ന ഈ ചോദ്യം പലർക്കും ആശ്വാസമായി തീരുന്നത്. ഉള്ളിലൊതുക്കിയിരിക്കുന്ന വിഷമങ്ങളുടെ ഒരു സ്ഫോടനം തന്നെ അവിടെ ഉണ്ടാകും. അതിനു ശേഷം അവരെ കാത്തിരിക്കുന്നത് വലിയ ഒരു റിലീഫ് തന്നെയാണ്.


- ENGINEERS
- CONTRACTORS
- DESIGNERS
- BUILDING PLAN
- ESTIMATE
- SUPERVISION

ആശംസകളോടെ.....
**ANN**
**BUILDERS & DEVELOPERS**
Stadium Road, Poomkavu.
Mob : 7510483406, 7907476510




ക്രിസ്തുവിനെ മൂന്നുവട്ടം തള്ളി പറഞ്ഞ ശേഷം, കുറ്റബോധം പേറി നിൽക്കുന്ന പത്രോസിന്, അവന്റെ ഉള്ള് ദൂരെ നിന്ന് അറിഞ്ഞ ക്രിസ്തു ഒരു നോട്ടം മാത്രമാണ് നൽകുന്നത്. ആ നോട്ടത്തിൽ എല്ലാം ഉണ്ടായിരുന്നു. "സാരമില്ലടാ" എന്ന അർത്ഥത്തിൽ, ആ നോട്ടം അവന്റെ മനസ്സിനെ കുളിരണിയിച്ചു. മനസ്സു നിറഞ്ഞു തൂകിയപ്പോൾ, അവന്റെ കണ്ണും ഈറൻ അണിഞ്ഞു.

നീ OK ആണോ എന്ന ചോദ്യം, ഒരുവന് ആശ്വാസം നൽകുന്നുണ്ടെങ്കിൽ, നമുക്ക് ചെയ്യാവുന്ന ഏറ്റവും ചെറിയ-വലിയ കാര്യം അതുതന്നെയായിരിക്കും. നമുക്ക് നഷ്ടമാകുവാൻ ഒന്നുമില്ല. എന്നാൽ അവർക്ക് ലഭിക്കുന്നതോ മറ്റാർക്കും നൽകാൻ പറ്റാത്ത ഏറ്റവും ഭംഗിയുള്ള ആ നിമിഷം.

# എഡിറ്റോറിയൽ



**ജോബി മാത്യു**
ചീഫ് എഡിറ്റർ

ഈ ഭൂമിയിൽ നമുക്കു ലഭിച്ചിരിക്കുന്ന അൽപായുസിൽ നാം എന്തുതന്നെ ചെയ്താലും നാം അതിനു കണക്കു കൊടുക്കേണ്ടവരാണ്.

യഹോവയുടെ വചനം ദുർലാഭമായിരുന്ന നാളിൽ ദൈവമുമ്പാകെ നഷ്ക്കളങ്കനായി നടന്ന വ്യക്തിയാണ് ശമുവേൽ. ദാൻ മുതൽ ബേർശേബ വരെ വിശ്വസ്തനായിരുന്ന താൻ അഭിഷേകം ചെയ്ത പ്രഥമ യിസ്രായേല്യ രാജാവായ ശൗൽ, തകർന്നു പോയത് വക്രബുദ്ധി കൊണ്ടാണ്. ശമുവേൽ തന്റെ വിളി പൂർത്തിയാക്കിയപ്പോൾ ശൗൽ നശിച്ചുപോയി. അപ്പോസ്തോലന്മാർ സകലതും വിറ്റ് പൊതുവകയായി കരുതിയപ്പോൾ വ്യാജം കാണിച്ച അനന്യാസും, സഫീറയും ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. എന്നാൽ പുതിയ നിയമത്തിലെ ശൗൽ ആയിരുന്ന പൗലോസ് തന്റെ ഓട്ടം കൃത്യതയോടെ ഓടി കിരീടം ഉറപ്പിച്ചു.

ആധുനികതയുടെ പരക്കം പാച്ചിലിൽ ലഭിക്കുന്ന നല്ല സമയങ്ങൾ ദൈവത്തിന്റെ രാജ്യത്തിനായി ഉപയോഗിക്കുമ്പോൾ അത് പൂർണ്ണ ഹൃദയത്തോടെ ആയിരിപ്പാൻ നമുക്ക് ശ്രദ്ധിക്കാം. അനേകരും വക്ര മാർഗ്ഗത്തിലൂടെ വ്യക്തിപരമായ നേട്ടങ്ങൾ കൊയ്യുമ്പോൾ, സ്ഥാനമാനങ്ങൾ തേടുമ്പോൾ ഇവയെ ഉപേക്ഷിച്ചു ക്രിസ്തുവിനെ നമുക്കു മാതൃകയാക്കി പിതാവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് അവനെ പ്രസാദിപ്പിച്ച് നമുക്ക് മുന്നേറാം. ദുരാദായവും കപട ആത്മീയതയും വ്യാജമാർഗ്ഗത്തിലൂടെ നേടിയ സ്ഥാനമാനങ്ങളും ഉപേക്ഷിച്ച് ദൈവം ഏൽപ്പിച്ച നിയോഗവും വിശ്വാസവും തിരിച്ചറിഞ്ഞ് അവന്റെ മുമ്പാകെ നിഷ്ക്കളങ്ക മാർഗ്ഗത്തിൽ നടക്കുവാൻ നമുക്ക് ഇടയാകട്ടെ. ശാന്തിയുടെയും സമാധാനത്തിന്റെയും സന്തോഷവുമായി വീണ്ടും ഒരു പൊന്നോണം വന്നെത്തിയിരിക്കുന്നു. ഈ സമയത്ത് ഏവർക്കും യുവജന പ്രസ്ഥാനത്തിന്റെ ഓണാശംസകൾ നേരുന്നു. വി.ദൈവമാതാവിന്റെ എട്ടുനോമ്പിനോടനുബന്ധിച്ച് യുവ ദർശനം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരസ്യങ്ങൾ നൽകിയിരി ക്കുന്ന ഏവരോടുമുള്ള അകമഴിഞ്ഞ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. വി.ദൈവാലയത്തിൽ എട്ടുനോമ്പു നടത്തപ്പെടുന്ന ധന്യമൂഹൂർത്തത്തിൽ ഈ ഉപഹാരം സുമനസ്സുകൾക്ക് മുമ്പിൽ പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു.

# ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കുളളവരാകാം

**ഡീ. റോണി വർഗീസ്**



പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ (റോമർ 6:1) ദൈവത്തേക്കാൾ ശ്രേഷ്ഠരായി തീരുവാനുള്ള മനുഷ്യന്റെ കൗതുകം അരുത് എന്ന് കൽപ്പിച്ചിടത്തു നിന്ന് തന്നെ മനുഷ്യന് വീഴ്ചകൾ സംഭവിച്ചു. എത്രയൊക്കെ മുന്നറിയിപ്പുകൾ ലഭിച്ചാലും അരുത് എന്ന് ശാസിക്കുന്നിടത്തു നിന്ന് തെറ്റുകൾ ചെയ്യാൻ മനുഷ്യർ വല്ലാതെ വ്യഗ്രതപ്പെടുന്നു. വലിയവനായി മാറുവാനുള്ള ചില കുറുക്കുവഴികൾ; അത് ഇന്നും തുടരുകയാണ്. പാപത്തിൽ മരിച്ച നമ്മെ വി.മാമോദീസാ കൂദാശയിലൂടെ ക്രിസ്തുവിന്റെ മരണത്തിലും ഉയർപ്പിലും പങ്കുള്ളവരായി തീർത്തു. അവന്റെ തേജസ്കരണത്തിൽ വെണ്മയും വിശുദ്ധരുമാക്കി മാറ്റി. എന്നാൽ അറിഞ്ഞ ക്രിസ്തുവിനെ അനുഭവമാക്കി മാറ്റുവാൻ നമ്മുടെ ജീവിതത്തിൽ ഇടയായിട്ടുണ്ടോ എന്നുള്ളത് ഗൗരവമായ ചോദ്യമാണ്. ദൈവത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യജീവിതവും ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളികളായി നിലനിൽക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ആ മഹത്വത്തിലേക്ക് നമ്മെ പങ്കുകാരാക്കാം എന്ന് യാതൊരു വ്യവസ്ഥകളുമില്ല. മറിച്ച് നമ്മുടെ ജീവിതം കൊണ്ടും പ്രവൃത്തി കൊണ്ടുമാണ് പൂർണ്ണത പ്രാപിക്കുന്നത്. ക്രിസ്തുവിൽ പക്വത പ്രാപിക്കുവാൻ നമുക്ക് കഴിയട്ടെ.

കർത്താവിനോടു കൂടി കുരിശിൽ മരിച്ച കള്ളന് തന്റെ മരണത്തിനു മുമ്പുണ്ടായ തിരിച്ചറിവ് പറുദീസ പ്രവേശനത്തിന് അർഹനാക്കി തീർത്തു. ക്രിസ്തുവിനൊപ്പം നടന്ന അപ്പോസ്തോലന്മാർ ഗുരുവിനെ പിടിച്ചുകൊണ്ടുപോകുന്നതു കണ്ട് ചിതറി ഓടിയവരാണ് എങ്കിലും തന്റെ ഉത്ഥാനത്തിന് ശേഷം തങ്ങളുടെ ജീവിതവും ജീവനും കൊണ്ട് ദൈവമഹത്വത്തിന് ഇടം നേടി. മനുഷ്യബുദ്ധിക്ക് അതീതമായ ദൈവപ്രതികരണത്തിന് നമ്മുടെ ജീവിതത്തിൽ ഇടം കൊടുത്തേ മതിയാകൂ. അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (വി.മത്തായി 11:28). ഒരു മനുഷ്യന് സമാധാനവും പ്രത്യാശയും നൽകുന്ന സ്നേഹത്തിന്റെ വാക്കുകൾ ഇതിനേക്കാൾ വലുതായി എന്താണ്. ഉള്ളുരുകുന്ന നിമിഷങ്ങളിൽ നിരാശപ്പെടേണ്ടതില്ല കാരണം ക്രിസ്തുവിനു പോലും അവനെ അനുഗമിച്ച ജനക്കൂട്ടം തന്നെ ആക്രോശിച്ച് ഒറ്റപ്പെടുത്തിയപ്പോഴും ഇവരോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ചവനാണ്. കാരുണ്യത്തിന്റെ നിറദീപമായവനൊപ്പം അവന്റെ മഹത്വത്തിൽ നമുക്കും പങ്കുചേരുവാൻ സാധിക്കട്ടെ■

# ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ

**അജി കെ. ജോർജ്ജ്**



ക്രിസ്തീയ ജീവിതം പ്രാർത്ഥനാ ജീവിതമാണ്. പ്രാർത്ഥിക്കുന്ന മനുഷ്യൻ സ്വർഗ്ഗീയ കൗൺസൽ അംഗമാണ്. ഒരുവൻ ദൈവത്തിനു കൊടുക്കുന്ന സമയമാണ് പ്രാർത്ഥന. മിക്ക ആത്മീയ മർമ്മങ്ങളും പഠിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്.

യേശുവിന്റെ ശിഷ്യനാകാൻ ശിഷ്യനായി തുടരാൻ ശിഷ്യന്മാരായി മാറുവാൻ പ്രാർത്ഥന ആവശ്യമാണ്. പ്രാർത്ഥന ദൈവത്തിന്റെ പണിപ്പുരയാണ്. ഒരു വ്യക്തിയെ ദൈവത്തിന് ബോധിച്ചതുപോലെ ഉപയോഗിക്കുവാൻ ഈ പണിപ്പുര വഴിയെ മതിയാവൂ. അവൻ നല്ല തച്ചനാണ്. വളഞ്ഞതും കേടുപാടുള്ളതുമായ ഏതു തടിയും അവന്റെ പണിശാലയിൽ പ്രവേശിപ്പിച്ച് തമ്പുരാന്റെ കരം കൊണ്ട് അതിനെ പണിക്കുറവ് തീർത്ത് എടുക്കും.

പ്രാർത്ഥനയാകുന്ന അഗ്നിയിൽ ജീവിതം എന്ന ലോഹം ഇട്ട് പരിശുദ്ധാത്മാവിന്റെ അഗ്നിയിൽ നന്നായി പഴുപ്പിച്ച് ദൈവത്തിന്റെ വചനമെന്ന ചുറ്റിക കൊണ്ട് അതിനെ അടിച്ച് തന്റെ വിരലുകൾ കൊണ്ട് രൂപം നൽകി അതീവ മൂർച്ചയോട് പുറത്തുവരുവാൻ പ്രാർത്ഥന ഇടയാക്കുന്നു.

സ്വയം മറക്കാൻ മറയ്ക്കാൻ ക്രിസ്തു ജീവിതത്തിൽ നിറഞ്ഞു നിൽക്കാൻ പ്രാർത്ഥന സഹായിക്കുന്നു. പ്രാർത്ഥനയിലൂടെ പ്രാപിക്കാവുന്നത് മറ്റ് ഒന്നിലൂടെയും പ്രാപിക്കാൻ കഴികയില്ല.

നേടാൻ കഴിയുന്നത് മറ്റ് ഒന്നിലൂടെയും നേടാൻ കഴികയില്ല
ചെയ്യുവാൻ കഴിയുന്നത് മറ്റ് ഒന്നിലൂടെയും ചെയ്യാൻ കഴികയില്ല
പ്രാർത്ഥന തിന്മകളെ നന്മകളാക്കി മാറ്റും
നഷ്ടങ്ങളെ ലാഭമാക്കും

പ്രാർത്ഥന - വ്യക്തികളുടെ ഹൃദയം, നിരൂപണം, പ്രവൃത്തി എന്നിവയെ പൂർണ്ണമായി നിയന്ത്രി ക്കാൻ കഴിയും. അരുതാത്ത നോട്ടവും വാക്കും പ്രാർത്ഥനയിൽ തടയപ്പെടും.


ആത്മാവിന്റെ കടിഞ്ഞാണാണ് പ്രാർത്ഥന. പ്രാർത്ഥനാ ജീവിതം സ്വർഗ്ഗീയ ജീവിതമാണ്. പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണ്.

ദൈവത്തിൽ നിന്ന് പഠിക്കുവാനും
പ്രാപിക്കുവാനും
പ്രവൃത്തിക്കാനും
പ്രാർത്ഥനാ ജീവിതം ആവശ്യമാണ്.

പ്രാർത്ഥിക്കുന്ന വ്യക്തി ദൈവരാജ്യത്തിന്റെ ശക്തിയും വ്യാപ്തിയും വർദ്ധിപ്പിക്കുന്നു. സാത്താന്റെ അതിരുകളെ പൊളിച്ച് അവന്റെ കോട്ടകളെ തകർത്ത് അവന്റെ സാമ്രാജ്യങ്ങളെ പിടിച്ചടക്കുന്നു. പ്രത്യാശയുടെ പുതുക്കവും വിശുദ്ധിയുടെ സംരക്ഷണവും വേർപാടിന്റെ ശുഷ്കാന്തിയും നാഴികയുടെ വിലയും തിരിച്ചറിയുവാൻ പ്രാർത്ഥന സഹായിക്കുന്നു.

സ്വയം തിരിഞ്ഞു നോക്കുവാനും
ജീവിതത്തിൽ പോരായ്മകളെ തിരിച്ചറിഞ്ഞ്
പ്രതിഷ്ഠിക്കുവാനും സഹായിക്കുന്നു.

പരിശുദ്ധാത്മാവിന്റെ വശീകരണ ശക്തിയാണ് പ്രാർത്ഥന. വിദൂരത്തിലുള്ള നന്മകളെ പ്രാർത്ഥന വലിച്ചു കൊണ്ടുതരും. പ്രാർത്ഥനയുടെ ശക്തി അളക്കാൻ കഴികയില്ല. പ്രാർത്ഥന ആത്മാവിന്റെ ഫലം പുറപ്പെടുവിക്കും. പ്രാർത്ഥിക്കുന്നവന് പരാജയമില്ല.



# ബൈബിളിനെ ജനകീയമാക്കിയ ചിത്രകാരി

**റൂബി ബെന്നി**
മർത്തമറിയം സമാജം, സംയുക്ത സെക്രട്ടറി

യേശുവിനെ കാണാൻ അത്തിമരത്തിൽ കയറിയ സഖായിയോട് സംവദിക്കുന്ന ഒരു ചിത്രമാണിതെന്ന് ബൈബിളിൽ ഈ കഥ ഒരിക്കൽ എങ്കിലും വായിച്ച ഒരാൾക്ക് വളരെ വേഗം മനസ്സിലാകും.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ കാൽകഴുകുന്ന രേഖാ ചിത്രമാണ് ഇതെന്ന് നമ്മുടെ മനസ്സിലേക്ക് ഓടിയെത്തും.

ഇത്തരത്തിൽ ഉള്ള ധാരാളം ചിത്രങ്ങൾ കൊണ്ട് ബൈബിളിലെ ആശയങ്ങളും കഥകളും കുട്ടികളെപ്പോലെ മുതിർന്നവർക്കും ലഘൂകരിച്ച് നൽകിയ ചിത്രകാരിയെക്കുറിച്ച് നമ്മിൽ പലർക്കും അറിയില്ല.

ആ ചിത്രകാരിയാണ് ആനി വാലോട്ടൺ. പൂർണ്ണമായ പേര് ആനി മേരി വാലോട്ടൺ. അവർ ഒരു സ്വിസ് - ഫ്രഞ്ച് ചിത്രകാരിയായിരുന്നു. സ്വിസ്വംശജയായ ആനി ആദ്യ കാലത്ത് യേശുവിന്റെ ജീവിതത്തെ ഉൾക്കൊള്ളുന്ന 60 ചിത്രീകരണങ്ങളുടെ ശേഖരം തയ്യാറാക്കുകയും അത് "പ്രയോറിറ്റി" എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. വിപണനം ചെയ്യുന്നതിനായി ഒരു ഏജന്റിനെ ഏൽപ്പിക്കുകയും ചെയ്തു. അവ വിപണനം ചെയ്യാൻ കഴിയാത്തതിനാൽ 3,000 കോപ്പികൾ അദ്ദേഹം പാരീസിലുള്ള സെയ്ൻ നദിയിലേക്ക് വലിച്ചെറിയുകയും ചെയ്തു.

എന്നാൽ എങ്ങിനെയോ ന്യൂയോർക്ക് പുസ്തക പ്രസാധകനായ യൂജിൻ നിഡ താൻ പ്രയോറിറ്റിയിൽ കണ്ട ചിത്രീകരണങ്ങളിൽ ആകൃഷ്ടനായി. കുട്ടികൾക്കായി തയ്യാറാക്കുന്ന ബൈബിളിനു വേണ്ടി ഇത്തരത്തിലുള്ള ഒരു പതിപ്പായി ഗുഡ് ന്യൂസ് ബൈബിളിന്റെ (ജിഎൻബി) ചിത്രീകരണങ്ങൾ ചേർത്താൽ നന്നായിരിക്കുമെന്ന് അദ്ദേഹം ആഗ്രഹിച്ചു. വളരെ ലളിതമായ ഇത്തരത്തിലുള്ള ചിത്രീകരണങ്ങൾ തയ്യാറാക്കുമോ എന്ന് ആനിയെ നേരിൽ കണ്ട് ആരായുകയും ചെയ്തു. സന്തോഷപൂർവ്വം ആനി വല്ലോട്ടൺ ആ ജോലി ഏറ്റെടുക്കുകയും ചെയ്തു.

1960-കളുടെ തുടക്കത്തിൽ വളരെ ആവേശത്തോടെ ബൈബിൾ ചിത്രീകരണങ്ങൾ ചെയ്യാൻ തുടങ്ങി. വാലോട്ടണിന്റെ വ്യതിരിക്തമായ ശൈലി, സ്വഭാവവും വികാരവും അറിയിക്കാൻ ലളിതമായ വരകൾ ഉപയോഗിച്ച് ഒരുപാട് സമയമെടുത്തു ചിത്രീകരിച്ചു. ധാരാളം വരകളുള്ള ചിത്രീകരണങ്ങൾ അവർ ആഗ്രഹിക്കാതെ പ്രധാന വരകൾ മാത്രമായിരുന്നു തെരഞ്ഞെടുത്തത്. അവയിൽ ചിലത് ശരിയാക്കാൻ ഡ്രോയിംഗുകൾ 80-90 തവണ വരെ മാറ്റി മാറ്റി വരച്ചു. കഴിയുന്നത്ര ലളിതമാക്കാനും സത്യത്തിലേക്ക് എത്താനും അവർ ആഗ്രഹിച്ചു. ഏകദേശം 510 ഡ്രോയിംഗുകൾ കറുപ്പും വെളുപ്പും ഉള്ള ലഘുവായ വരകൾ കൊണ്ട് ചെയ്തു.

"ആധുനിക മനുഷ്യനുള്ള നല്ല വാർത്ത" എന്ന പേരിൽ പുറത്തിറങ്ങിയതിനു ശേഷം 225 ദശലക്ഷത്തിധികം ഗുഡ് ന്യൂസ് ബൈബിളിന്റെ കോപ്പികൾ വിതരണം ചെയ്യപ്പെട്ടു. പിന്നീട് കൊറിയൻ ബൈബിൾ സൊസൈറ്റി നിറങ്ങളിലുള്ള അവരുടെ ചിത്രങ്ങളോടു കൂടിയ ബൈബിൾ പ്രസിദ്ധീകരിച്ചു. പിന്നീടുള്ള അവരുടെ ജീവിതകാലം ഗുഡ് ന്യൂസ് ബൈബിളിന്റെ വിജയത്തിനു ശേഷവും വല്ലോട്ടൺ മതപരമായ പുസ്തകങ്ങൾ ചിത്രീകരിക്കുന്നത് തുടർന്നു . അവർ പാരീസിലെ ഒരു പള്ളിയിൽ കുട്ടികൾക്കായി ഒരു കഥപറച്ചിൽ ശുശ്രൂഷ നടത്തി. അമേരിക്കൻ ചർച്ച് ഇൻ പാലീസ് 'ആനി വല്ലോട്ടൺ ലെൻഡിംഗ് ലൈബ്രറി' എന്ന പേരിൽ ഒരു ലൈബ്രറി മിസ് വള്ളോട്ടണിന് സമർപ്പിച്ചു. ആനി ഒരു നല്ല പാട്ടുകാരിയും വയലിൻ വായനയിൽ പ്രഗത്ഭയും ആയിരുന്നു.

ഗുഡ് ന്യൂസ് ബൈബിളിനെ കൂടാതെ,

•ഫ്രംഠ ആപ്പിൾ ടു ദ മൂൺ (1970) • ഹു ആർ യു ജീസസ് (1973) •ദമാൻ ഹൂ സേഡ് നോ
•സ്റ്റോറി ഓഫ് ജോനാ (1977) •ദ മൈറ്റി വൺ ആൻഡ് സാം (1982)

തുടങ്ങിയ പുസ്തകങ്ങളും ചിത്രീകരണങ്ങളോടെ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

ബൈബിൾ ചിത്രകാരിയായ ആനി വല്ലോട്ടൺ 2013 ഡിസംബർ 28-ന് 98-ാം വയസ്സിൽ ഫ്രാൻസിൽ അന്തരിച്ചു. മരണം വരെയും സജീവമായി വളരെ സന്തോഷത്തോടെ അവർ കുട്ടികൾക്കായി ബൈബിൾ ചിത്രങ്ങൾ വരയ്ക്കുന്നതിനും കഥ പറയുന്നതിനും സമയം കണ്ടെത്തി. അവരുടെ മരണശേഷവും സുവാർത്ത ബൈബിളിലെ ആനി വാലോട്ടണിന്റെ ചിത്രീകരണങ്ങൾ തലമുറകളെ പ്രചോദിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

